(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1259/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി:20.07.2016

ഫോൺ : 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കരുംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുംകുളം ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം,
3) കാര്യാലയ പകർപ്പ്,
4) സ്പെയർ.

**നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1259/2016** **തീയതി : 20.07.2016**

**തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.05.2015 മുതൽ 30.06.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാന ത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 02-07-2016മുതൽ 12-07-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.ബിജുലാൽമണി.എസ്.എൽ, (സീനി.ഗ്രേഡ് .ഓഡിറ്റർ),
ശ്രീമതി.ബിന്ദുലത.ബി.പി, (സീനി.ഗ്രേഡ്.ഓഡിറ്റർ),
ശ്രീ.ശിവനാഥൻ .എ),(ഓഡിറ്റർ),
ശ്രീ.ഷിംജി.ജി,(ഓഡിറ്റർ)

**(ബി)നിർവ്വഹണാധികാരികൾ**

പ്രസിഡന്റ് : ശ്രീമതി.അൽബീന റോബിൻസൺ 01-04-2014 മുതൽ 31-03-2015 വരെ

സെക്രട്ടറി : ശ്രീമതി.കുമാരി പത്മാവതി, 01-04-2014 മുതൽ 04-06-2014 വരെ

സെക്രട്ടറി : ശ്രീ.ബാബു , 05-06-2014 മുതൽ 20-06-14വരെ

സെക്രട്ടറി : ശ്രീമതി.രാധാമണി തങ്കം, 21-06-2014മുതൽ 31-03-2015വരെ.

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ<br>അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി.ഗ്രേഷ്യസ് രാജ്<br>ശ്രീ.ബെൻസിലാൽ | 01-04-2014 മുതൽ 28-05-2014 വരെ<br>28-05-2014മുതൽ 31-03-2015വരെ |
| മെഡിക്കൽ ആഫീസർ, (സി.എച്ച്.സി.) | ഡോ.സദാശിവൻ. | 01-04-2014 മുതൽ 31-03-2015 വരെ |
| മെഡിക്കൽആഫീസർ, (ഹോമിയോ)<br>മെഡിക്കൽആഫീസർ, (ഹോമിയോ) | ഡോ.സുബൈർ<br>ഡോ.ജയനാരായണൻ | 01-04-2014 മുതൽ 08-05-2014 വരെ<br>09-05-2014 മുതൽ 31-032015 വരെ |
| വെറ്റിനറി സർജൻ<br>വെറ്റിനറി സർജൻ | ഡോ.സുനിൽ വിൽസൺ<br>ഡോ.ബിജേഷ് | 01-04-2014 മുതൽ 31-07-2014 വരെ<br>01-08-2014മുതൽ 31-03-2015വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. സിന്ധു.എ. | 01-04-2014 മുതൽ 31-03-2015 വരെ |
| വി.ഇ.ഒ.<br>എൽ.വി.ഇ.ഒ. | ശ്രീ.അഭിലാഷ് .എം.എ.<br>ശ്രീമതി.ശ്രീദേവി. | 01-04-2014 മുതൽ 31-03-2015 വരെ<br>01-04-2014 മുതൽ 31-03-2015 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സുനിത.വി.എസ്. | 01-04-2014 മുതൽ 31-03-2015 വരെ |
| ഹെഡ്മിസ്ട്രസ്, | ശ്രീമതി.ഗിരിജകുമാരി | 01-04-2014 മുതൽ 31-03-2015 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് | 1-3 | |

| | | | |
|---|---|---|---|
| | സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | **ഭാഗം - 2** | | |
| 12 | D &O ലൈസൻസ് - അപാകതകൾ | 2-1 | |
| 13 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 2-2 | |
| 14 | രജിസ്ട്രേഷൻ ഇല്ലാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | 2-3 | |
| 15 | പരസ്യനികുതി ഈടാക്കുന്നില്ല. | 2-4 | |
| 16 | വസ്തുനികുതി കുടിശ്ശിക 600658/- രൂപ | 2-5 | |
| 17 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല. | 2-6 | |
| | **ഭാഗം -3** | | |
| 18 | ബ്രിക്ക് വർക്കിന് അധികനിരക്ക്- 1132/- രൂപ അധികം നൽകി | 3-1 | |
| 19 | സിമെന്റ് സോളിഡ് ബ്ളോക്കിനുപകരം ഹോളോബ്രിക്സ് | 3-2 | |
| 20 | പാലിയേറ്റീവ് കെയർ- മാർഗ്ഗരേഖ ലംഘിച്ച് ഹോണറേറിയം | 3-3 | |
| 21 | കുടിവെള്ള പദ്ധതി - അപാകതകൾ | 3-4 | |
| 22 | ഹോമിയോ - ഡി.ഡി.തുക കൈപ്പറ്റിയിട്ടും മരുന്ന് ലഭ്യമാക്കിയില്ല. | 3-5 | |
| 23 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - മതിയായ രേഖകളില്ല. | 3-6 | |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 600000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | |
| 25 | പട്ടികജാതി വിദ്യാർഥികൾക്ക് ഫർണിച്ചർ നല്കൽ - ശേഷിച്ചത് നാളിതുവരെ വിതരണം ചെയ്തില്ല. | 3-8 | |
| 26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. | 3-9 | |
| 27 | ഏകീകരിച്ച ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയില്ല | 3-10 | |
| 28 | മത്സ്യ ലേലത്തിൽ പങ്കെടുക്കുന്ന വനിതകൾക്ക് റിവോൾവിംഗ് ഫണ്ട് പദ്ധതി | 3-11 | |
| 29 | ക്ഷേമപെൻഷൻ രേഖകൾ ഹാജരാക്കിയില്ല. | 3-12 | |

| | | | |
|---|---|---|---|
| 30 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-13 | |
| 31 | വസ്തു വാങ്ങൽ - രജിസ്ട്രേഷൻ നടത്തിയതിനു രേഖകളില്ല. | 3-14 | |
| 32 | ഭവനം പുനരുദ്ധരിച്ചതിനുള്ള വാല്യുവേഷൻ എടുത്തിട്ടില്ല. | 3-15 | |
| 33 | പട്ടികജാതി വീട് മെയിന്റനൻസ് പദ്ധതി അപാകങ്ങൾ | 3-16 | |
| 34 | വീട് മെയിന്റനൻസ് വാല്യുവേഷൻ ഇല്ല | 3-17 | |
| 35 | പ്രവർത്തനമില്ലാത്ത സമിതിക്കായി ഫർണിച്ചർ വാങ്ങി | 3-18 | |
| 36 | അംഗൻവാടി പോഷകാഹാരം - സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല | 3-19 | |
| | **ഭാഗം -4** | | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |
| 46 | അനുബന്ധം 1 | | |
| 47 | അനുബന്ധം 2 | | |
| 48 | അനുബന്ധം 3 | | |
| 49 | അനുബന്ധം 4 | | |
| 50 | അനുബന്ധം 5 | | |


# ഭാഗം -1

# പൊതു അവലോകനം


# പൊതു അവലോകനം


## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 21.02.2014 തിയതിയിലെ 1-)o നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 384547604/- രൂപ വരവും 227326052/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്.എന്നാൽ

യഥാർത്ഥ വരവ് 111871875/-രൂപയും ചെലവ് 92619516/- രൂപയുമാണ്.

ബജറ്റിൽ ഉൾപ്പെടുത്തിയ വരവ് ചെലവ് യഥാർത്ഥ വരവു ചെലവുകളെക്കാൾ വളരെ കൂടുതലാണ്. യാഥാർഥ്യ ബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2014 | 17-06-2014 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 19.08.2015 * | കെ.എസ്.എ.റ്റി.വി.എം.എഫ്.1 /1111/ 15 (24) തീയതി 28-10-2015 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 23562302.70

വരവ് : 88309572

ആകെ : 111871874.70

ചെലവ് : 92619516

നീക്കിയിരിപ്പ് : 19252358.70

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4349657 | 19202502 | 23552159 | 18685789 | 4866370 | 79.33 |
| വികസനഫണ്ട് എസ്.സി.പി. | 644373 | 2485000 | 3129373 | 2236873 | 892500 | 71.47 |
| സംരക്ഷണഗ്രാന്റ് റോഡ് | 4960201 | 13534000 | 18494201 | 17757858 | 736343 | 96.01 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 652193 | 5316500 | 5968693 | 5043440 | 925253 | 84.49 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 623631 | 13035877 | 13659508 | 12181718 | 1477790 | 89.18 |
| പെർഫോമൻസ് ഗ്രാന്റ് | 7287257 | -- | 7287257 | 5959993 | 1327264 | 81.78 |

| | | | | | | |
|---|---|---|---|---|---|---|
| എ.എൻ.ആർ.ഇ. ജി.എസ്. | 6865 | 2279148 | 2286013 | 2225022 | 60991 | 97.33 |
| ബി ഫണ്ട് | -- | 19018295 | 19018295 | 19018295 | -- | 100 |
| GP ഫണ്ട് | 3132609 | 8057586 | 11190195 | 4124963 | 7065232 | 36.86 |
| മറ്റുവരവുകൾ | 1905517 | 5380664 | 7286181 | 5385565 | 1900616 | 73.91 |
| ആകെ | 23562303 | 88309572 | 111871875 | 92619516 | 19252359 | |

എം.എൻ.ആർ.ഇ.ജി.എസ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം വരവ് 15586121/-രൂപയാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 77442491 | 147 | 64741935 | 18 | 27 | 76.6 |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ആകെ അംഗീകാരം ലഭ്യമായ 192 പ്രോജക്ടുകളിൽ 147 പ്രോജക്ടു കളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഉല്പാദന, പശ്ചാത്തല മേഖലയിലെ പ്രോജക്ടുകൾ തൊഴിലുറപ്പ് പദ്ധതിയിലെ പ്രോജക്ടുകളുമായി സംയോജിപ്പിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 56%ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദ നികുതി | 9390 | 6596 | -2794 | -29 |
| തൊഴിൽ നികുതി | 599480 | 637060 | +37580 | +6.26 |
| കെട്ടിട നികുതി | 845586 | 1608684 | +763098 | +90.24 |
| പരസ്യ നികുതി | - | - | - | |
| നികുതിയേതര വരവുകൾ | | | | |
| ഷോപ്പിംഗ് കോംപ്ലക്സ് | - | - | - | |
| ലേലം | 750 | - | 750 | |
| ഡി.ആന്റ്.ഓ. ലൈസൻസ് | 32800 | 35100 | +2300 | +7 |

| | | | | |
|---|---|---|---|---|
| മറ്റു വരവുകൾ | 287041 | 488471 | 201430 | 70% |
| ആകെ | 1775047 | 2775911 | 1000864 | 56% |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പരസ്യ നികുതി ഈടാക്കിയും വസ്തു നികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുത്തും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ *

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 596760 | 526 |
| കർഷകതൊഴിലാളി പെൻഷൻ | 3756635 | 1574 |
| വിധവാപെൻഷൻ | 5793120 | 1951 |
| വാർദ്ധക്യകാലപെൻഷൻ | 4482843 | 1841 |
| വികലാംഗപെൻഷൻ | 3820237 | 1265 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 320000 | |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 214200 | 71 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ *

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-07-2016-ന് ഉച്ചയ്ക് 12.45മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5074/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് തുടർ നിർമ്മാണ, മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.

*ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടങ്ങളിലെ വകുപ്പ് (13)പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.
1994 -ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെക്ഷൻ 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ നിയമം 4 പ്രകാരം സ്ഥാപനങ്ങളിൽ നിന്നും അവയിൽ പ്രവർത്തി ചെയ്യുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി രജിസ്ട്രേഷൻ ചെയ്യിക്കേണ്ടതും , പഞ്ചായത്തിൽ ഒടുക്കേണ്ടേ നികുതികൾ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

പഞ്ചായത്തിൽ ഫലവൃക്ഷങ്ങളുടെ ലേലം മൂന്നു വർഷത്തിലൊരിക്കൽ നടത്താറുണ്ടെങ്കിലും രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

12.04.2012 ലെ 49590/ആർ.സി.2/2011, ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് 14.01.2011 മുതൽ വസ്തുനികുതി ബാധകമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടെലഫോൺ ബിൽ, വാട്ടർ ചാർജ്ജ് എന്നിവ നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കാത്തതിനാൽ പിഴയുൾപ്പെടെയുള്ള തുകയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കുന്നത്. 2014-15 വർഷത്തിൽ വാട്ടർചാർജ്ജിനത്തിലെ പിഴയായി 1,277/- രൂപ ഒടുക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനം വിനിയോഗിക്കുന്ന സേവനങ്ങൾക്കുള്ള ഫീസ് നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കി പിഴയിൽ നിന്നും ഒഴിവാകേണ്ടതാണ്. അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റാൻറുകൾ വാങ്ങിയതിൽ രണ്ടെണ്ണം അധികമാണ്. വാങ്ങലുകൾ നടത്തുമ്പോൾ ആവശ്യം ഉറപ്പു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-06-2016 * | 01-02-2016മുതൽ<br>31-05-2016വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടൻറ് ജനറലിൻറെ ഓഡിറ്റ് | 22-02-2014മുതൽ<br>10-03-2014 വരെ | 2008-09 മുതൽ<br>2012-13 വരെ | 28/04/2014 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിൻ്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി &ഒ ലൈസൻസ് - അപാകതകൾ

എ) വ്യാപാര സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിൻ്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിൽ ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ ലൈസൻസ് എടുക്കാതെയോ, പുതുക്കാതെയോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. പഞ്ചായത്ത് പരിധിയിലെ എല്ലാ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ബി) ലൈസൻസില്ലാത്ത കച്ചവട സ്ഥാപനങ്ങൾ

1994 ലെ കേരളാ പഞ്ചായ ത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഡി & ഒ ലൈസൻസ് ഇല്ലാതെയും ഇതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും പഞ്ചായത്ത് പരിധിയിലെ യാതൊരു സ്ഥലവും യാതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല. 2014-15 ലെ രജിസ്റ്റർ പ്രകാരം 64 സ്ഥാപനങ്ങൾക്കു മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ 2013-14 ൽ 79 സ്ഥാപനങ്ങൾക്കും 2012-13 ൽ 88 സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്. വർഷം കഴിയുന്തോറും വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും ലൈസൻസ് എടുത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നത് ഗൗരവമുള്ള പ്രശ്നമായി കാണുന്നു. മുൻ വർഷങ്ങളിൽ ലൈസൻസ് എടുത്തിട്ട് പുതുക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശിക സഹിതം ഫീസ് ഈടാക്കേണ്ടതും പുതുതായി ആരംഭിച്ച സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കേണ്ടതുമാണ്.

സി) റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരളാ പഞ്ചായ ത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാര സ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1 ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ,മാവേലി സ്റ്റോർ,കൺസ്യൂമർ സ്റ്റോർ മുതലായവക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമ പഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് നാളിതുവരെ ലൈസൻസ് നൽകിയിട്ടില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 19 റേഷൻ കടകൾ പ്രവർത്തിക്കുന്നു. വിശദവിവരം ചുവടെ

| ക്രമ നമ്പർ | റേഷൻകടകൾ പ്രവർത്തിക്കുന്ന സ്ഥലം | വാർഡ് നമ്പർ | കടകളുടെ എണ്ണം |
|---|---|---|---|
| 1 | പി.എച്ച്.സി പുല്ലുവിള | 1 | 5 |
| 2 | കിളിത്തട്ട് | 2 | 1 |
| 3 | പഞ്ചായത്ത് ഓഫീസ് | 3 | 3 |
| 4 | നമ്പ്യാതി | 4 | 1 |
| 5 | പരുത്തിപ്പാറ | 5 | 1 |
| 6 | കല്ലുമുക്ക് | 7 | 1 |
| 7 | കരുംകുളം | 8 | 1 |
| 8 | കൊച്ചുതുറ | 9 | 1 |
| 9 | ആഴാങ്കൽ | 10 | 1 |
| 10 | പള്ളം | 14 | 2 |
| | ആകെ | | 19 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16 ന് ലഭ്യമായ മറുപടിയിൽ D &O ലൈസൻസ്, തൊഴിൽനികുതി,സ്ഥാപന നികുതി എന്നിവ പഞ്ചായത്ത് ഈടാക്കേണ്ടതില്ലായെന്ന 1996ജനുവരിയിലെ ഹൈക്കോടതി ഉത്തരവ് ഉള്ളതായി അറിയിച്ചു. പ്രസ്തുത ഉത്തരവിൽ D &O ലൈസൻസ് ഫീസ് (തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവയെപറ്റി പരാമർശമില്ല) ഈടാക്കുന്നതിന് കേരളാ പഞ്ചായത്ത് രാജ് ആക്ടിൽ പ്രൊവിഷൻ ഇല്ല എന്നാണ്. എന്നാൽ ടി ഉത്തരവ് 1996 ലെ പഞ്ചായത്ത് രാജ് ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള ഉത്തരവായതിനാൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കാവുന്നതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

എ) <u>രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.</u>

1998 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 3(റിക്കാർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) പ്രകാരം ഗ്രാമ പഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപനരജിസ്റ്റർ എന്നിവയും 1999ലെ കേരളാ പഞ്ചായ ത്ത് രാജ് ചട്ടം 5 മാതൃകയിലുള്ള അസസ്മെന്റ് രജിസ്റ്ററും സൂക്ഷിക്കുന്നില്ല. പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരുമാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. പഞ്ചായത്ത് പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരം രേഖപ്പെടുത്തിയ അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചാൽ മാത്രമേ നികുതി പിരിവ് പൂർണ്ണമായി എന്നുറപ്പു വരുത്താൻ കഴിയുകയുള്ളൂ. ആയതിനാൽ നിശ്ചിത മാതൃകയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ബി) <u>തൊഴിൽനികുതി ഒഴിവാക്കൽ - രേഖയില്ല.</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.11.2000 ലെജി.ഒ (ആർ.ടി)നം 17/88/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വികലാംഗരെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാർആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഇത്തരത്തിൽ നികുതിയിൽ നിന്നും ഒഴിവാക്കിയ ശ്രീ.സുന്ദരൻ നാടാർ വി.എഫ്.എ, കരുംകുളം വില്ലേജ് ഓഫീസ്, അബ്ദുൾ സമദ് ഗ്രാമപഞ്ചായത്ത് ഓഫീസ് കരുംകുളം എന്നിവർ വികലാംഗരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ഭാവിയിൽ നികുതി ഒഴിവാക്കുന്നവരിൽ നിന്നും ഈ സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സി) <u>ആകെ വരുമാനം ഉറപ്പുവരുത്താതെ തൊഴിൽ നികുതി ഈടാക്കുന്നു.</u>

1996- ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204 (3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത, സി.സി.എ,യാത്രാഅലവൻസ് എന്നിവ ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള ആകെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. എന്നാൽ 2014-15 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ ഭൂരിപക്ഷം സ്ഥാപനങ്ങളും ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കൽ, ബോണസ്/ഉത്സവബത്ത, എന്നിവ ഉൾപ്പെടുത്താതെയാണ് തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടുള്ളത്. സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് എല്ലാ വിവരവും ഉണ്ടന്ന് ഉറപ്പു വരുത്തി നികുതി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി) <u>തൊഴിൽനികുതി ഈടാക്കിയിട്ടില്ല.</u>

താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2014-15 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1 ഗവ.ഹോമിയോ ഡിസ്പെൻസറി - രണ്ടാം അർദ്ധവർഷം

2 മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ് - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

ഓഡിറ്റ് എൻക്വയറി -8 ൽ വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ്. പിഴപ്പലിശ സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾ

1999 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 3 പ്രകാരം എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുകയും ചട്ടം 5 പ്രകാരം വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് ചെയ്യാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യിക്കുന്നതിനും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി രജിസ്ട്രേഷൻ ചെയ്യിക്കേണ്ടതും പഞ്ചായത്തിൽ ഒടുക്കേണ്ട നികുതികൾ ഈടാക്കി നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-4 പരസ്യനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെക്ഷൻ 209 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് നികുതി ഈടാക്കിയതായി കാണുന്നില്ല. ബൈലോ അംഗീകരിച്ചതിനു ശേഷം പരസ്യ നികുതി ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 10 - ന് മറുപടിയായി അറിയിച്ചു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര നടപടി ആവശ്യമാണ്.

## 2-5 വസ്തുനികുതി കുടിശ്ശിക 600658/- രൂപ

ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി പത്രിക പ്രകാരം 14-15 ൽ 600658 രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ 12 ന് മറുപടിയായി തീരപ്രദേശമായതിനാലും CRZ പരിധിയിൽപ്പെട്ടിട്ടുള്ളതിനാലും താൽക്കാലിക നമ്പർ അനുവദിക്കേണ്ടി വരുന്നതായും ഫയലുകളുടെ ആധിക്യം മൂലം മാപ്പിംഗ് സംവിധാനം പൂർത്തിയാക്കാനാവാത്തതായും സ്റ്റാഫിന്റെ കുറവ് കാരണം രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് അപ്പീൽ/റിവിഷൻ എഴുതിതള്ളൽ എന്നിവയുടെ രജിസ്റ്റർ, ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ നികുതി കുടിശ്ശികയുടെ നിജസ്ഥിതി ബോധ്യപ്പെടാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ വകുപ്പ് 243 പ്രകാരം മൂന്ന് വർഷം കഴിഞ്ഞ നികുതി തുകകൾ കാലഹരണപ്പെടുന്നതാണ്. ആയതിനാൽ പിരിഞ്ഞു കിട്ടേണ്ട വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

ജി.ഒ (എം.എസ്) നം.113/2009/തസ്വഭവ,തീ 02.01.2009 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നു് വസ്തുനികുതി ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഹാജരാക്കാനറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 25 ന് നൽകിയ മറുപടിയിൽ പറയുന്നത് നിലവിൽ ഈടാക്കിയിട്ടില്ലായെന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നുമാണ്. നടപടി സ്വീകരിച്ച് വസ്തുനികുതി പിഴപ്പലിശസഹിതം ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബ്രിക്ക് വർക്കിന് അധികനിരക്ക്- 1132 രൂപ അധികം നൽകി

ഡി.എസ്.ആർ അനുസരിച്ച് 2014-15 സാമ്പത്തികവർഷം നടപ്പാക്കിയ പദ്ധതികളിൽ അധികനിരക്ക് നൽകിയതിലൂടെ പഞ്ചായത്തിന് 1132/-രൂപ നഷ്ടം സംഭവിച്ചു. ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2 ൽ മൂന്നാം നില മുതൽ അഞ്ചാം നില വരെയുള്ള ബ്രിക് വർക്കിനുള്ള റേറ്റാണ് നൽകിയിട്ടുള്ളത്. ചുവടെ ചേർക്കുന്ന പദ്ധതിയിൽ ഗ്രൗണ്ട് ഫ്ളോറിന് ഇതേ റേറ്റ് അനുവദിച്ചതായി കാണുന്നു .

പഞ്ചായത്ത് അനുവദിച്ച തുക (ഒരു ഘനമീറ്ററിന്)

| ക്രമ നമ്പർ | തൊഴിൽ നിർമ്മാണ വസ്തുക്കൾ | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ഇഷ്ടിക | 494 | 3500/1000 | 1729.00 |
| 2 | ഇഷ്ടികകടത്തുകൂലി | 494 | 284.39/1000 | 140.49 |
| 3 | C.M 1:4 | 0.25 | 2960.65 | 740.16 |
| 4 | Sundries | 2.73 | 1.7 | 4.64 |

| | | | | |
|---|---|---|---|---|
| 5 | മേസൺ (I class) | 0.47 | 393 | 184.71 |
| 6 | മേസൺ (II class) | 0.47 | 361 | 169.67 |
| 7 | കൂലി | 1.8 | 297 | 534.60 |
| 8 | ബിസ്തി | 0.2 | 328 | 65.60 |
| 9 | താങ്ങ് നൽകൽ | 22.36 | 1.7 | 38.01 |
| 10 | എക്സ്ട്രാ ലേബർ | 1.13 | 297 | 335.61 |
| | | | ആകെ | 3942.40 |
| | | | വാട്ടർചാർജ് | 39.42 |
| | | | ആകെ | 3981.92 |

**അനുവദിച്ച നിരക്ക് - 1.38 X 3981.92 = 5495.05 (ഒരു ഘനമീറ്ററിന്)**

മേൽ പട്ടികയിലെ ഇനം 10 ൽ പറയുന്ന എക്സ്ട്രാ ലേബർ ഫസ്റ്റ് ഫ്ളോർ, ഗ്രൗണ്ട് ഫ്ളോർ, കോമ്പൗണ്ട് വാൾ എന്നിവയ്ക്ക് അനുവദിച്ചതിലൂടെ പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. അനുവദിയ്ക്കാവുന്ന നിരക്ക് ചുവടെ

ഇനം 1മുതൽ 9വരെ - 3606.88

വാട്ടർചാർജ് - 36.07

ആകെ - 3642.95

അനുവദനീയമായനിരക്ക് - 5027.27 (1.38 X 3642.95)

**അധികനിരക്ക് - 5495.00 – 5027.27 = 467.73/ക്യുബിക് മീറ്റർ**

പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്

പദ്ധതി നമ്പർ - SOO81/15

അടങ്കൽ - 500000.(പ്രത്യേക ഗ്രാന്റ്)

ചെലവ് തുക - 500000,(ബിൽ നമ്പർ - 104/14-15, തീ. 25/03/2015)

കൺവീനർ - രാജൻ

എം ബുക്ക് നമ്പർ - 338/14-15

എംബുക്ക് പേജ്നമ്പർ 42,43

ഇനം 6

Brick work

(ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2) - 2.42 m3 x 5495.00 = 13297.90

അധികം നൽകിയത് - 2.42 m3 x 467.73 = **1131.90**

നഷ്ടതുകയായ 1132/-രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 സിമെന്റ് സോളിഡ് ബ്ളോക്കിനുപകരം ഹോളോബ്രിക്സ്

ഹോളോബ്രിക്സ് ഉപയോഗിച്ച് ചെയ്ത പ്രവൃത്തിക്ക് സിമെന്റ് സോളിഡ് ബ്ളോക്കിന്റെ റേറ്റ്

അനുവദിച്ചതിലൂടെ പഞ്ചായത്തിന് 5227/- രൂപയുടെ നഷ്ടം സംഭവിച്ചു.

പദ്ധതിയുടെ പേര് - ഗ്രാമസഭാകേന്ദ്രം നിർമ്മാണം

പദ്ധതി നമ്പർ - SO106/15

അടങ്കൽ - 500000.(പ്രത്യേക ഗ്രാന്റ്)

ചെലവ് തുക - 500000,(ബിൽ നമ്പർ - 73/14-15, തീ. 24/02/2015)

കൺവീനർ - വിൻസെന്റ്

എം ബുക്ക് നമ്പർ - 241/14-15, 215/14-15

മേൽപറഞ്ഞ പദ്ധതിയുടെ ചെലവ് രേഖകളോടൊപ്പം സമർപ്പിച്ച വൗച്ചർ നമ്പർ 1 ൽ 1500 ഹോളോബ്രിക്സ് വാങ്ങിയതിനുള്ള കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ നിന്നും പ്രവൃത്തിക്കായി ഹോളോബ്രിക്സാണ് ഉപയോഗിച്ചതെന്ന് വ്യക്തമാണ്. എന്നാൽ എസ്റ്റിമേറ്റ്, എംബുക്ക്എന്നിവയിൽ cement solid block masonry - 4646/$m^3$ എന്ന റേറ്റ് ആണ് നൽകിയിരിക്കുന്നത്. ഹോളോബ്രിക്സ് ഉപയോഗിച്ചുള്ള വർക്കിന് observed data പ്രകാരം നൽകാവുന്ന റേറ്റ് 4123.30 രൂപയാണ്. അധികം നൽകിയ തുകയുടെ വിവരം ചുവടെ

| S.no | Material | Unit | Quantity | Rate(Rs) | Amount(Rs) |
|---|---|---|---|---|---|
| 1 | Solid block | 100 nos | 74.000 | 4100.00 | 3034.00 |
| 2 | Course sand | M3 | 00.160 | 1120.00 | 179.20 |
| 3 | cement | T | 38.000 | 5240.00 | 199.12 |
| 4 | Carriage of sand | M3 | 00.160 | 106.64 | 17.06 |
| 5 | Carriage of cement<br>Labour | T | 38.000 | 94.80 | 3.60 |
| 6 | Mason 11class | Nos | 1.200 | 361.00 | 433.20 |
| 7 | coolie | Nos | 1.020 | 297.00 | 302.94 |
| | | | | | 4169.12 |

Market Rate - 3034.00

Water charge (1%) - 30.34

**Total - 3064.34 (A)**

Total excluding market rate - 1135.12

Water charge (1%) - 11.35

Total - 1146.48 (B)

For 1cum with costal index (A+1.38B) - 4646.48

Rate without CP - 4646.48

മേൽ പട്ടികയിലെ ക്രമ നമ്പർ 1 ൽ പറയുന്ന സോളിഡ് ബ്ളോക്കിന്റെ വിലയായ 3034 നു പകരം ഹോളോ ബ്ളോക്കിന്റെ 2516/- രൂപയാണ് അനുവദിക്കാവുന്നത്.

ഇതനുസരിച്ച് പട്ടിക പ്രകാരം ലഭിക്കുന്ന ആകെ 3651.12

Market Rate - 2516.00

Water charge (1%) - 25.16

**Total - 2541.16 (A)**

Total excluding market rate - 1135.12

Water charge (1%) - 11.35

Total - 1146.48 (B)

For 1cum with costal index (A+1.38B) - 4123.30

Rate without CP - 4123.30

<u>അനുവദിച്ചത്</u>

എംബുക്ക്215/14-15 (പേജ് 12,13) ഇനം 12

cement solid block masonry with cm 1:6 using best quality

solid block of size 40x20x15 including cost,conveyance,etc

complete above plinth level upto floor V level.-4646/m3

4646x10m3 = <u>46460/-</u>

<u>ഹോളോ ബ്ളോക്ക് ഉപയോഗിച്ചതിനാൽ, അനുവദിക്കാവുന്നത്</u>

Hollow block masonry with cm 1:6 using best quality

solid block of size 40x20x15 including cost,

conveyance,etc complete above plinth level upto

floor V level. - 4123.30/m3 4123.30 x 10m3 = 41233/-

അധികം നൽകിയത് - 5227 രൂപ

ഓഡിറ്റ് എൻക്വയറി 21 ൽ വിശദീകരണം ആവശ്യപ്പെട്ടതിന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് എസ്റ്റിമേറ്റ് പ്രകാരം സോളിഡ് ബ്ളോക്ക് ഉപയോഗിച്ച് പ്രവൃത്തി ചെയ്തു എന്നാണ്. ചെലവ് രേഖകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള ഹോളോബ്ളോക്കിന്റെ വൗച്ചറിനെ സംബന്ധിച്ച് മറുപടിയിൽ പരാമർശമില്ല. ഈ സാഹചര്യത്തിൽ നഷ്ടത്തുകയായ 5227/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പാലിയേറ്റീവ് കെയർ- മാർഗ്ഗരേഖ ലംഘിച്ച് ഹോണറേറിയം

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഡോക്ടർക്കും ആശാവർക്കേഴ്സിനും ഹോണറേറിയം നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ

| ക്രമ നമ്പർ | പദ്ധതി നമ്പർ | ചെലവിനം | തുക | വൗച്ചർ നമ്പർ | ബിൽ നമ്പർ,തീയതി |
|---|---|---|---|---|---|
| 1 | So12/2015 | ഡോക്ടേഴ്സ് ഹോണറേറിയം | 3500/-രൂപ<br>വികസന ഫണ്ട് | 2 മുതൽ 8 വരെ (2014 ഏപ്രിൽ മുതൽഒക്ടോബർ വരെ) | 8/14-15,തീ 22.12.2014 |

| | | | | | |
|---|---|---|---|---|---|
| 2 | So12/2015 | ഡോക്ടേഴ്സ് ഹോണറേറിയം | 3800/- (ബ്ളോക്ക്ഷെയർ) | 4 | ചെക്ക് നമ്പർ 978935, തീ 23.03.2015 |
| 3 | So/159/15 | ഡോക്ടേഴ്സ് ഹോണറേറിയം | 6000/- വികസന ഫണ്ട് | ലഭ്യമല്ല. | 5/14-15,തീ 26.09.2014 |
| 4 | So/159/15 | ആശാവർക്കേഴ്സിന് ഹോണറേറിയം | 30000/- വികസനഫണ്ട് | ലഭ്യമല്ല. | 5/14-15,തീ 26.09.2014 |
| | | ആകെ | 43300/- | | |

പാലിയേറ്റീവ് പരിചരണത്തിനായി 23.08.12 ൽ തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിച്ച ജി.ഒ (എം.എസ്)228/2012 നമ്പർ ഉത്തരവിൽ പാലിയേറ്റീവ് നഴ്സിന് മാത്രമാണ് ഹോണറേറിയം അനുവദിച്ചിട്ടുള്ളത്. ഭവന സന്ദർശനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് സന്നദ്ധ പ്രവർത്തകരെ ഉപയോഗിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി ഹോണറേറിയം ഇനത്തിൽ വിതരണം ചെയ്ത 43300 രൂപ നിരാകരിക്കുന്നു. നഷ്ടത്തുക നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതി - അപാകതകൾ

പഞ്ചായത്തിലെ പുല്ലുവിള, പള്ളം എന്നീ വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയാണ് 2013-14 സാമ്പത്തിക വർഷം കുടിവെള്ള പദ്ധതികൾ ആരംഭിച്ചത്. 2014-15 ൽ പൂർത്തിയാക്കിയ പുല്ലുവിള, പള്ളം എന്നീ പദ്ധതികളിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പുല്ലുവിള കുടിവെള്ള പദ്ധതി

പദ്ധതി നമ്പർ - SOO48/15

അടങ്കൽ - 1219668.(536158 - വികസന ഫണ്ട്, 683510 - KLGSDP)

ചെലവ് തുക - 457725, (ബിൽ നമ്പർ - 20/14-15, തീ. 26/08/2014) - 683510 (ബിൽ നമ്പർ - 22/14-15, തീ. 27/08/2014)

കോൺട്രാക്ടർ - ശ്രീ. ജെ.മണി.

എം ബുക്ക് നമ്പർ - 4/13-14, 38/13-14, 112/13-14

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ പുല്ലുവിള കുടിവെള്ള പദ്ധതി പ്രവർത്തനമില്ലാത്തതായി കാണപ്പെട്ടു. അന്വേഷണത്തിൽ ഇതിന്റെ പ്രവർത്തനം നിലച്ചിട്ട് ഒരു വർഷത്തിലേറെ ആയതായി സമീപവാസികളിൽ നിന്നു അറിയുവാൻ കഴിഞ്ഞു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതി സ്ഥാപിച്ചു എന്നല്ലാതെ അതിന്റെ പ്രവർത്തനം ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുകയോ, മെയിന്റനൻസ് ചെയ്ത് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ബി) പള്ളം കുടിവെള്ള പദ്ധതി

പദ്ധതി നമ്പർ - SOO47/15

അടങ്കൽ - 1757744. ( KLGSDP)

ചെലവ് തുക - 1721055, (ബിൽ നമ്പർ - 27/14-15, തീ. 31/10/2014)

കോൺട്രാക്ടർ - ശ്രീ.ജി.സിറിൾ

എം ബുക്ക് നമ്പർ - 4/13-14, 38/13-14, 112/13-14

ടെണ്ടർ പരസ്യത്തിൽ പള്ളം കുടിവെള്ള പദ്ധതിയുടെ പണിപൂർത്തിയാക്കുന്നതിനുള്ള കാലാവധി 6 മാസമാണ് അനുവദിച്ചിരുന്നത്. എന്നാൽ രേഖകൾ പ്രകാരം പണി പൂർത്തിയാക്കുന്നതിന് 14 മാസം വേണ്ടിവന്നതായി കാണുന്നു. സമയം കൂടുതൽ അനുവദിച്ചതിനോ, മറ്റു തടസ്സങ്ങൾ നേരിട്ടതിനോ ഫയലിൽ രേഖകളില്ല.

കരാർ നമ്പർ,തീയതി - 05/AE/LSGD/13-14/dt – 21.08.2013

സൈറ്റ് കൈമാറിയ തീയതി - 21.08.2013

പൂർത്തീകരണ സാക്ഷ്യപത്രം - 21.10.2014

Final measurment date - 23.10.2014

ഇതനുസരിച്ച് പണി പൂർത്തിയാക്കാൻ അനുവദിച്ചതിനേക്കാൾ 8 മാസം കൂടുതൽ എടുത്തതായി കാണുന്നു. കാലതാമസം നേരിട്ടതിന് പിഴയീടാക്കിയിട്ടില്ല. കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/01.02.2012 യിലെ സെക്ഷൻ 2112 – 1 ൽ പറയുന്നത് കരാറുകാരന്റെ പിഴവ് മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. കാലാവധി തീരുന്നതിനു മുൻപ് അപേക്ഷിക്കാത്ത പക്ഷം കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമായി കണക്കാക്കേണ്ടതാണ്. അതിന് തുക നൽകാവുന്നതല്ല. ആദ്യ തവണ 1%, അതിനു ശേഷം 2% എന്ന രീതിയിൽ പിഴയീടാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും പാലിച്ചതായി കാണുന്നില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

<u>സി) സെക്യൂരിറ്റി ഡെപ്പോസിറ്റ് ക്രമവിരുദ്ധം</u>

പള്ളം കുടിവെള്ള പദ്ധതിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകിയിരിക്കുന്നത് ചെങ്കൽ പഞ്ചായത്ത് നിർമ്മാണ തൊഴിലാളി ക്ഷേമ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ1402 ന്റെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റാണ് . കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ ഉത്തരവിലെ സെക്ഷൻ 2009.7 ൽ അടങ്കൽ തുകയുടെ 5% വരുന്ന തുകയ്ക്കുള്ള ദേശസാൽകൃത ബാങ്കിന്റെ ബാങ്ക്ഗ്യാരണ്ടി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പാലിച്ചിട്ടില്ല.

എ, ബി എന്നീ ഖണ്ഡികകളിൽ സൂചിപ്പിച്ചിരിക്കുന്ന രണ്ടു പദ്ധതികളും ടെണ്ടറിനു പകരം ക്വട്ടേഷൻ വഴിയാണ് നടപ്പാക്കിയിരിക്കുന്നത്. ടെണ്ടർ ക്ഷണിച്ചിട്ട് കരാറുകാരെ ലഭിക്കാത്തതിനാലാണ് ഇത്തരത്തിൽ ചെയ്തിരിക്കുന്നത്. 1997-ലെ പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ ചട്ടം 8ൽ 5000 രൂപക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ നിർബന്ധമാണ്. ആവശ്യമായ ടെണ്ടർ ലഭിക്കാതെ വരുകയാ ണെങ്കിൽ റീടെണ്ടർ ചെയ്യേണ്ടതും നിരക്ക് സ്വീകാര്യമല്ലെങ്കിൽ പഞ്ചായത്തിന്റെ അംഗീകാര ത്തോടെ നെഗോഷ്യേറ്റ് ചെയ്യാവുന്നതുമാണ്. ഇതിനു പകരം 03.05.13, 29.05.13, 02.06.13 എന്നീ തീയതികളിൽ ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. പുല്ലുവിള പദ്ധതിക്ക് ശ്രീ.ജെ.മണി യും പള്ളം

പദ്ധതിക്ക് ശ്രീ.സിറിൾ ഉം മാത്രമാണ് ക്വട്ടേഷൻ നൽകിയിട്ടുള്ളത്. രണ്ടും എസ്റ്റിമേറ്റ് റേറ്റ്. ഈ വിവരം പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്യാതെ വർക്ക് ഏൽപ്പിച്ചതായാണ് കാണുന്നത്.

പ്രവർത്തനം നിലച്ച പുല്ലുവിള കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതും മരാമത്ത് പ്രവൃത്തികൾ ചട്ടങ്ങൾ പാലിച്ച് നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-5 ഹോമിയോ - ഡി.ഡി.തുക കൈപ്പറ്റിയിട്ടും മരുന്ന് ലഭ്യമാക്കിയില്ല.

പദ്ധതി നമ്പർ - SOO95/14-15

പദ്ധതി - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പദ്ധതി അടങ്കൽ – 100000 (റോഡിതരം )

പദ്ധതി ചെലവ് -100000

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,ഹോമിയോ(ശ്രീ.സുബൈർ)

ബിൽ നം. - 01/14-15.തിയതി.16-01-2015.

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങാൻ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസിയിൽ(ഹോംകോ)നിന്ന് മരുന്ന് വാങ്ങുന്നതിന് ടി സ്ഥാപനത്തിൽനിന്ന് ലഭ്യമായ ഇൻവോയ്സ് പ്രകാരം 16-12-2015ലെ 291646 -ാം നമ്പർ ഡി.ഡി.പ്രകാരം 100000രൂപ കൈമാറുകയുണ്ടായി.31-01-2015ലെ 7249 -ാം നമ്പർ രസീത് പ്രകാരം മരുന്നിനുള്ള 100000രൂപ പ്രസ്തുത സ്ഥാപനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.എന്നാൽ പദ്ധതി പ്രകാരമുള്ള ഒരു ലക്ഷം രൂപയുടെ മരുന്ന് നാളിതുവരെ ബന്ധപ്പെട്ട സ്ഥാപനം (ഹോംകോ) വിതരണം ചെയ്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള 04-07-2016ലെ 03/14-15നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കത്തിടപാടുകളിലെ സാങ്കേതിക പിഴവാണ് മരുന്ന് ലഭിക്കാത്തതിന് കാരണമെന്നും തുടർ നടപടി സ്വീകരിച്ച് മരുന്ന് ലഭ്യമാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. കാലതാമസം വരുത്താതെ അടിയന്തിരമായി ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നില നിൽക്കുന്നതാണ്.

## 3-6 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - മതിയായ രേഖകളില്ല.

2014-15സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ താഴെപറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | ബിൽ നമ്പരും ചെലവ് തുകയും | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കരുംകുളം ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ സിസ്റ്റം സ്ഥാപിക്കൽ<br>പ.നം.SO26/14-15 | ബിൽ നം.-05/14-15<br>ചെലവ്-90000/-രൂപ<br>(വികസനഫണ്ട് ജനറൽ) | പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്,പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | മത്സ്യഫെഡ് ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ<br>പ.നം.SO28/14-15 | ബിൽ നം.20/14-15<br>തിയതി.11-11-2014<br>ചെലവ്-47180/-രൂപ<br>(മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 1.കെൽട്രോണിന് തുക കൈമാറിയ ഡി.ഡി.പകർപ്പില്ല.<br>2.സ്ഥാപനം തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതില്ല.<br>3.വിനിയോഗ സാക്ഷ്യപത്രം,<br>പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |
| 3 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങലും ആനുവൽ മെയിന്റനൻസും<br>പ.നം. SOO155/14-15 | ബിൽ നം.30/14-15<br>ചെലവ്-198300<br>(വിക.ഫണ്ട് ജനറൽ) | വിനിയോഗ സാക്ഷ്യപത്രവും<br>പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയില്ല. |
| 4 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും<br>പ.നം.SOO199/14-15 | ബിൽ നം.34/14-15,<br>തിയതി.26-03-2015<br>ചെലവ്-121570/-രൂപ (പ്രത്യേക ഗ്രാന്റ്) | Asst.Engr,K.S.E.B.പൂവാർ ഡിവിഷനിൽ നിക്ഷേപിച്ചു.ഡി.ഡി.വിവരം,കൈപ്പറ്റ് രസീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 5 | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>പ.നം.SOO200/14-15 | ചെലവ്-187733<br>1.ധനകാര്യ കമ്മിഷൻ ഗ്രാന്റ്-43425/-രൂപ<br>ബിൽ നം.46/14-15,<br>തിയതി.30-03-2015.<br>2.പ്രത്യേക ഗ്രാന്റ്- 144308<br>1.ബി.നം.6/14-48536<br>2.ബി.നം.21/14-38670<br>3.ബി.നം.22/14-24653<br>4.ബി.നം-23/14-27402<br>5.ബി.നം.29/14-5047<br>144308/- | Asst.Engr,K.S.E.B.പൂവാർ ഡിവിഷനിൽ നിക്ഷേപിച്ചു.ഡി.ഡി.വിവരം,കൈപ്പറ്റ് രസീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 6 | ഗ്രാമപഞ്ചായത്തിലെ 9,18,11വാർഡുകളിലെ അംഗൻവാടി വയറിംഗ്<br>പ.നം.SOO234/14-15 | ബിൽ നം.32/14-15 തിയതി.26-03-2015 ചെലവ്-140000/-രൂപ<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | Assi.Exe.Engr,P.W.D.Electrical Sub Divn.-ൽ നിക്ഷേപിച്ചു.<br>ഡി.ഡി.വിവരം,കൈപ്പറ്റ്<br>രസീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 7 | ഗ്രാമപഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ<br>പ.നം.SOO130/14-15 | ബിൽ നം.ലഭ്യമല്ല. ചെലവു-155600/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 1.സാധനങ്ങൾ കൈപ്പറ്റിയ സ്ഥാപനങ്ങളുടെ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിച്ചിട്ടില്ല.<br>2.മോണിറ്ററിംഗ് റിപ്പോർട്ടും പൂർത്തീകരണ സാക്ഷ്യപത്രവും സൂക്ഷിച്ചിട്ടില്ല. |
| 8 | ഗ്രാമപഞ്ചായത്തിലെ വൈദ്യുതി കണക്ഷൻ ത്രീ ഫേസ് ആക്കൽ പ.നം.205/14-15 | ചെലവ്-114000/-രൂപ<br>1.വി.ഫ.-7202/-രൂപ<br>ബി.നം.36/14-15<br>2.ധ.കാ ക.ഗ്രാ.<br>106140/-രൂപ<br>ബി.നം.35/14-15 3.തന.ഫ.658/-രൂപ<br>ചെ.നം.322906 | Asst.Exe.Engr,P.W.D.Electrical Sub Divn -ന് തുക നല്കിയതിന്റെ<br>ഡി.ഡി.വിവരം,കൈപ്പറ്റ് രസീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| | ആകെ | 1054383/- | |

മേൽപറയുന്ന (ക്രമ.നം.1മുതൽ 8വരെ)പദ്ധതികളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ പ്രസ്തുത പദ്ധതിച്ചെലവുകൾ (1054383/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള 11-07-2016ലെ 22/14-15നമ്പർ ഓഡിറ്റ് എൻക്വയറിക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 600000/-രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - SOO70/14-15

പദ്ധതി - എസ്സ്.എസ്സ്.എ.വിഹിതം നല്കൽ

ചെലവ് - 600000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം.

ബിൽ നം. - 01/14-15, തീയതി-12-11-2014

ഡി.ഡി.നം. - 290969, തിയതി-18-11-2014

2014-15സാമ്പത്തിക വർഷം 18-11-2014ലെ 290969 നമ്പർ ഡി.ഡി.പ്രകാരം എസ്സ്.എസ്സ്.എ.പ്രോജക്ട് ഓഫീസറിന് 600000/-രൂപ എസ്സ്.എസ്സ്.എ.വിഹിതം നല്കിയതിന് 19-11-2014ലെ 05882നമ്പർ രസീത് പ്രകാരം കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6(7)പ്രകാരം എസ്സ്.എസ്സ്.എ.വിഹിതം കൈമാറുന്നതിന് മുമ്പ് മുൻവർഷം നല്കിയ വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്. ആയതിനാൽ പ്രസ്തുത ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-8 പട്ടികജാതി വിദ്യാർഥികൾക്ക് ഫർണിച്ചർ നല്കൽ - ശേഷിച്ചത് നാളിതുവരെ വിതരണം ചെയ്തില്ല.

പദ്ധതി നം. - 166/14-15

പദ്ധതി - പട്ടികജാതി വിദ്യാർഥികൾക്ക് ഫർണിച്ചർ നല്കൽ

പദ്ധതി ചെലവ് - 200000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം.

ബിൽ നം. - 02/14-15, 27-03-2015

ഡി.ഡി.നം. - 026038, തിയതി- 28-03-2015

പട്ടികജാതിയിൽപ്പെട്ട 50 വിദ്യാർഥികൾക്ക് വിതരണം ചെയ്യുവാൻ 28-03-2015ലെ 026038നമ്പർ ഡി.ഡി.പ്രകാരം സിഡ്കോയിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങി. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നല്കിയ ലിസ്റ്റിൽ നിന്ന് 49പേർക്ക് ഫർണിച്ചർ വിതരണം ചെയ്തു.ശേഷിക്കുന്ന ഒരെണ്ണം വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 11-07-2016ലെ 28/14-15നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിതരണം ചെയ്യാതെ ബാക്കിയുള്ള ഒരെണ്ണം സ്റ്റോക്കിലുണ്ടെന്നും ആയത് വിതരണം ചെയ്യുന്നതാ ണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. അർഹതയുള്ളവരെ കണ്ടെത്തി ശേഷിക്കുന്ന ഫർണിച്ചർ വിതരണം ചെയ്ത് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 3-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2014-15സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 226പദ്ധതികൾ നടപ്പിലാക്കുകയും 101178തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് 17792540/-രൂപ ചെലവഴിക്കുകയും ചെയ്തു. ആകെ തൊഴിൽ കാർഡ് നേടിയ 6930-ൽ 3387 പേർക്ക് തൊഴിൽ നൽകുവാനും 24 കുടുംബങ്ങൾക്ക് 100ദിനം പൂർത്തിയാക്കുവാനും കഴിഞ്ഞു. അവിദഗ്ദ്ധ മേഖലയിൽ തൊഴിലുറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്വവും ഉറപ്പു വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ 226 പദ്ധതികൾ നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന് തൊഴിൽ കാർഡ് നേടിയ 6930ൽ 3387പേർക്ക് മാത്രമാണ് തൊഴിൽ നല്കാനായിട്ടുള്ളത്.കൂടാതെ 24 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

അതുപോലെ നടപ്പിലാക്കിയ പദ്ധതികൾ ഭൂവികസനത്തിന് മാത്രം പ്രാധാന്യം

നല്കിക്കൊണ്ടുള്ളവയാണ്. നീർത്തട പരിപാലനം, കുടിവെള്ള സംരക്ഷണം, വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കൽ എന്നിവയ്ക്കൊന്നും യാതൊരു പ്രാധാന്യവും ഗ്രാമപഞ്ചായത്ത് നല്കിയിട്ടില്ല. പദ്ധതിപ്പണം ചെലവഴിക്കുമ്പോൾ ആസ്തികൾ സൃഷ്ടിക്കാനുതകും വിധത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനും തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും തൊഴിൽ ലഭ്യമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

തൊഴിൽ കാർഡ് രജിസ്റ്ററിൽ അപേക്ഷകരുടെ ബാങ്ക് അക്കൗണ്ട് നമ്പരും ബാങ്കിന്റെ പേരും ഉൾപ്പെടുത്തുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട തൊഴിൽ കാർഡ് രജിസ്റ്ററുകളിൽ അപേക്ഷകരുടെയെല്ലാം ബാങ്ക് അക്കൗണ്ട് നമ്പർ,ബാങ്കിന്റെ പേര് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള ഏതാനും ചിലരുടെ പേരു വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

(1) ജിൻസി,രജി.നമ്പർ - 13/285

(2) മെറ്റിൻസി,രജി.നമ്പർ - 13/304

(3) സഹായമേരി,രജി.നമ്പർ - /337

(4) മിനി.കെ.രജി.നമ്പർ - 17/409

അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-10 ഏകീകരിച്ച ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയില്ല

ജി.ഒ.(പി)നം.227/97/തസ്വഭവ തീയതി 20.10.1997 പ്രകാരം ഗ്രാമസഭകൾ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റുകൾ പരിശോധിച്ച ശേഷം മുൻഗണനാ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത് കമ്മിറ്റി മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റിലെ ക്രമമനുസരിച്ചാണ് ആനുകൂല്യങ്ങൾ അനുവദി ക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഏകീകരിച്ച പട്ടിക തയ്യാറാക്കിയില്ല. പകരം, 17.10.2014 ലെ പഞ്ചായത്തു കമ്മിറ്റിയുടെ വിവിധ തീരുമാനങ്ങൾ പ്രകാരം ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റിന് ടാർജറ്റ് നിർണ്ണയിച്ചു നൽകിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. അതായത് വാർഡ് 1- 7, വാർഡ് 2 – 6, വാർഡ് 3-7 എന്നിങ്ങനെ ഓരോ പദ്ധതിക്കും പ്രത്യേകം ടാർജറ്റ് ഫിക്സ് ചെയ്ത് നൽകി. തുടർന്ന് അധിക ഗുണഭോക്താക്കൾ ആവശ്യമായ പ്പോഴും ഗുണഭോക്താക്കളുടെ അർഹത പരിഗണിക്കാതെ ഓരോ വാർഡിൽ നിന്നും നിശ്ചിത എണ്ണം ഗുണഭോക്താക്കളെ ഉൾപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കളുടെ പഞ്ചായത്തുതലത്തിലുള്ള അർഹത പരിഗണിച്ച് ഏകീകരിച്ച ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമം പാലിച്ച് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണ്.

## 3-11 മത്സ്യ ലേലത്തിൽ പങ്കെടുക്കുന്ന വനിതകൾക്ക് റിവോൾവിംഗ് ഫണ്ട് പദ്ധതി

മത്സ്യ സഹകരണ സംഘങ്ങളിലെ ലേലത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് വനിത (എസ് 0138/15)

അടങ്കൽ തുക – 9,00,000/- (വികസന ഫണ്ട്)

ചെലവ് തുക – 7,32,000/-

ബിൽ നം. – 48/14-15 തീയതി 31.03.2015

പദ്ധതി പ്രകാരം മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വമുള്ള, മത്സ്യ സഹകരണ സംഘങ്ങളിലെ ലേലത്തിൽ പങ്കെടുക്കുന്ന വനിതകൾക്ക് 3,000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുവാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതനുസരിച്ച് 244 ഗുണഭോക്താക്കളുടെ തുകയായ 7,32,000/- രൂപ 8 മത്സ്യ സംഘങ്ങൾക്ക് വീതിച്ചു നൽകി. പദ്ധതിയുടെ നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ആനുകൂല്യം ലഭിച്ച 123 ഗുണഭോക്താക്കൾ മത്സ്യതൊഴിലാളി ക്ഷേമനിധി അംഗത്വമില്ലാത്തവരാണ്.

ബി) ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനു സംഘങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

സി) ഇതേ പദ്ധതി തന്നെ തുടർന്നുള്ള സാമ്പത്തിക വർഷവും നിർവഹിച്ചിട്ടുണ്ടെങ്കിലും, ഇപ്രകാരം സംഘങ്ങൾക്കു നൽകുന്ന തുക തുടർന്നും മത്സ്യതൊഴിലാളികൾക്ക് റിവോൾവിംഗ് ഫണ്ട് ആയി വിതരണം നടത്തുന്നുണ്ടോയെന്ന് നിർവഹണാധികാരിയോ മോണിട്ടറിംഗ് സമിതിയോ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.4/05.07.2016) ക്ഷേമനിധി അംഗത്വമില്ലാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകണമെന്ന 28.03.2015 ലെ കമ്മിറ്റിയുടെ തീരുമാനത്തിന്റെ (നം.4(5)) അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചതെന്നാണ് മറുപടി ലഭിച്ചത്.

പദ്ധതി തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതികളുടെയും ഉത്തരവാദിത്തമാണ്. സംഘങ്ങൾക്കു കൈമാറിയിട്ടുള്ള തുകയുടെ ശരിയായ വിനിയോഗം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് വിലയിരുത്തേണ്ടതാണ്.

## 3-12 ക്ഷേമപെൻഷൻ രേഖകൾ ഹാജരാക്കിയില്ല.

ക്ഷേമ പെൻഷൻ വിതരണത്തിനായി പിൻവലിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ വിതരണം ചെയ്തതിനുള്ള രേഖകൾ ഹാജരാക്കിയില്ല.

| ക്ഷേമപെൻഷൻ | ബിൽ നം. | തീയതി | ബിൽ തുക | വിതരണം നടത്തിയ തുക | ബാക്കി |
|---|---|---|---|---|---|
| വാർധക്യകാല പെൻഷൻ | 81/14-15 | 30.08.2014 | 2414755 | 2407755 | 7000 |
| | 41/14-15 | 28.03.2015 | 724595 | 715995 | 8600 |
| വികലാംഗ പെൻഷൻ | 3/14-15 | 30.07.2014 | 985169 | 979569 | 5600 |
| | 39/14-15 | 28.03.2015 | 1330613 | 1326613 | 4000 |
| വിധവാ പെൻഷൻ | 04/14-15 | 30.07.2014 | 1454654 | 1445554 | 9100 |
| | 42/14-15 | 30.03.2015 | 2088457 | 2081857 | 6600 |
| കർഷക തൊഴിലാളി പെൻഷൻ | 10/14-15 | 01.09.2014 | 1867205 | 1860705 | 6500 |
| | 27/14-15 | 19.02.2015 | 1003020 | 979020 | 24000 |

| | | | | | |
|---|---|---|---|---|---|
| | 45/14-15 | 31.03.2015 | 965310 | 962010 | 3300 |
| വിവാഹ ധന സഹായം | 17/14-15 | 30.10.2014 | 320000 | ലഭ്യമല്ല | 320000 |
| ആകെ | | | | | 394700 |

ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിനുള്ള രേഖകൾ (അകിറ്റൻസ്, ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ്, അപേക്ഷകൾ തുടങ്ങിയവ) ലഭ്യമാക്കാത്തതിനാൽ 3,94,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രണ്ടു മാസത്തിനകം രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 3-13 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

(എ) പദ്ധതി - ഐ.എ.വൈ. വിഹിതം ജനറൽ (എസ്0190/15)

അടങ്കൽ തുക - 7,17,500/-

ബിൽ /തുക - 8/17.10.2014 - 7,00,000/-

48/27.03.2015 – 17,500/-

നിർവഹണാധികാരി - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

പദ്ധതി പ്രകാരം 35 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനുള്ള വിഹിതമായി 7,00,000/- രൂപയും ബ്ലോക്കിൽ നിന്നും അധിക വിഹിതം ആവശ്യപ്പെട്ടതനുസരിച്ച് 17,500/- രൂപയും ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇതിൽ 17,500/- രൂപയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.30/12.07.2016) സാക്ഷ്യപത്രം ഹാജരാക്കാം എന്നറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തപക്ഷം തുക നിർവഹണാധികാരിയുടെ ബാധ്യതയാകുന്നതാണ്.

(ബി) പദ്ധതി - ഐ.എ.വൈ. അധിക ധനസഹായം (എസ്)

അടങ്കൽ/ചെലവ് - 10,00,000/- (കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്)

ബിൽ നം. /തീയതി - ഇല്ല/27.03.2015

നിർവഹണാധികാരി - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

2011-12 വർഷത്തെ ഐ.എ.വൈ. ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് അധിക വിഹിതം നൽകുന്നതിനായി 10,00,000/- രൂപ പിൻവലിച്ചിട്ടുണ്ട്. ടി തുക കൈപ്പറ്റിയത് സംബന്ധിച്ചും, വിനിയോഗിച്ചതു സംബന്ധിച്ചുമുള്ള ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിയുടെ സാക്ഷ്യപത്രം ലഭ്യമല്ല. ഇതു സംബന്ധിച്ച അന്വേഷണത്തിന് (നം.14/07.07.2016)ന് രേഖകൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-14 വസ്തു വാങ്ങൽ - രജിസ്ട്രേഷൻ നടത്തിയതിനു രേഖകളില്ല.

പദ്ധതി - വസ്തു വാങ്ങൽ (എസ് 0164/15)

അടങ്കൽ/ചെലവ് - 3,00,000/- (എസ്.സി.പി.)

ബിൽ നം./തീയതി - 44/21.03.2015

നിർവഹണാധികാരി - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി 1,50,000/- രൂപ വീതം അനുവദിച്ചു. ഗുണഭോക്താക്കളുമായി നിയമ വ്യവസ്ഥകളുൾപ്പെടുത്തിയുള്ള കരാർ വയ്ക്കാതെയാണ് ആനുകൂല്യം അനുവദിച്ചത്.

പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ശ്രീമതി. വസന്ത, കല്ലുമുക്ക് വീട്, പുതിയതുറ എന്ന ഗുണഭോക്താവ് സ്ഥലം വാങ്ങിയതിനുള്ള രജിസ്റ്റർ ചെയ്ത പ്രമാണം ഹാജരാക്കിയിട്ടില്ല. ടിയാൾ ശ്രീമതി. സരസ്വതി, കല്ലുമുക്ക് വീട്, പുതിയ തുറ പി.ഒ. എന്നയാളിൽ നിന്നും 1.21 ആർ സ്ഥലം വാങ്ങുന്നതിനായി സബ് രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിച്ചതിന്റെ പകർപ്പിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സരസ്വതിയുടെ എസ്.ബി.റ്റി. പൂവാർ ശാഖയിലെ 6701356230 എന്ന അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്ത് നൽകുകയാണുണ്ടായത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.30/12.07.2016) പ്രമാണം ഹാജരാക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്.

വസ്തു വാങ്ങിയതിനുള്ള രേഖകൾ, ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ ശ്രീമതി. വസന്ത എന്ന ഗുണഭോക്താവിന് അനുവദിച്ച ആനുകൂല്യമായ 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു. രണ്ടു മാസത്തിനകം രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം തുക നിർവഹണാധികാരിയുടെ ബാധ്യതയാകുന്നതാണ്.

## 3-15 ഭവനം പുനരുദ്ധരിച്ചതിനുള്ള വാല്യുവേഷൻ എടുത്തിട്ടില്ല.

പദ്ധതി - വീട് മെയിന്റനൻസ് ജനറൽ (എസ്0006/15)

ചെലവ് തുക – 30,00,000/- (വികസന ഫണ്ട്)

4,50,000/- (കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്)

ആകെ - 34,50,000/-

ബിൽ ക്രമ നം. /തീയതി -13/5.12.14 - 3,00,000/-

-14/12.12.14 - 1,25,000/-

-15/16.12.14 - 1,75,000/-

-16/18.12.14 - 100000

-17/20.12.14 - 100000

-18/24.12.14 - 100000

-19/30.12.14 - 150000

-21/12.1.15 - 200000

-23/19.1.15 - 200000

-24/22.1.15 - 125000

-28/11.2.15 - 300000

-30/19.2.15 - 250000

-34/25.2.15 - 100000

-36/27.2.15 - 150000

-38/12.3.15 - 400000

-42/19.2.15 - 75000

-45/24.3.15 - 200000

-46/24.3.15 - 150000

-47/26.3.15 - 200000

-49/30.3.15 - 50000

നിർവഹണാധികാരി - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

പദ്ധതിയുടെ ആനുകൂല്യം ലഭിച്ച 41 ഗുണഭോക്താക്കളുടെ ഭവനങ്ങൾ പുനരുദ്ധാരണം നടത്തിയതിനുള്ള വാല്യുവേഷൻ ഇല്ലാതെയാണ് ആനുകൂല്യം അനുവദിച്ചത്. ലിസ്റ്റ് അനുബന്ധം 2 ൽ.

ഇതു സംബന്ധിച്ച അകിറ്റൻസ് രേഖകൾ പൂർണ്ണമല്ല. ഗുണഭോക്താക്കൾക്ക് തുക നെഫ്റ്റ് മുഖാന്തിരവും ഡി.ഡി.യായും വിതരണം ചെയ്തതായാണ് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ആയതിനുള്ള തെളിവായി ബിൽ കോപ്പികളോ, ഡി.ഡി.യുടെ കോപ്പികളോ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.30/12.07.2016) വാല്യുവേഷൻ ഹാജരാക്കാം എന്ന് മറുപടി നൽകിയിട്ടുണ്ട്.

വാല്യുവേഷന്റെ അഭാവത്തിൽ ഗുണഭോക്താക്കൾക്കു അനുവദിച്ച 1125000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രണ്ടു മാസത്തിനകം വാല്യുവേഷൻ രേഖകൾ ഹാജരാക്കാത്തപക്ഷം നിർവഹണാധികാരിയുടെ ബാധ്യതയാകുന്നതാണ്.

## 3-16 പട്ടികജാതി വീട് മെയിന്റനൻസ് പദ്ധതി അപാകങ്ങൾ

പദ്ധതി - പട്ടികജാതി വീട് മെയിന്റനൻസ് (എസ്0135/15)

ചെലവ് തുക – 5,50,000/- (എസ്.സി.പി.)

ബിൽ നം./തീയതി – 20/30.12.14 - 75000

-22/13.1.15 - 75000

-26/28.1.15 - 75000

-29/11.2.15 - 50000

-35/25.2.15 - 75000

-39/12.3.15 - 100000

-50/30.03.15 - 100000

നിർവഹണാധികാരി - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

പദ്ധതിയുടെ നിർവഹണത്തിലെ അപാകങ്ങൾ ചുവടെ.

എ) പദ്ധതി പ്രകാരം 22 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി 5,50,000/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ 21 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിനുള്ള രേഖകൾ മാത്രമാണ് നിർവഹണോദ്യാഗസ്ഥന് ഹാജരാക്കാനായത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.30/12.07.16) മറുപടി ലഭ്യമാക്കിയില്ല. ആനുകൂല്യം അനുവദിച്ചതിനുള്ള അപേക്ഷ, അകിറ്റൻസ്, ബിൽ കോപ്പികൾ എന്നിവയുടെ അഭാവത്തിൽ 25,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ബി) ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്കു വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ആനുകൂല്യം അനുവദിച്ചത്.

| ക്രമ നം. | ഗുണഭോക്താവ് | തുക | ഡി.ഡി. നം. |
|---|---|---|---|
| 1 | രാജമ്മ, മുതുപുരയിടം, കരുംകുളം | 25000 | ലഭ്യമല്ല |
| 2 | ജയന്തി, ആന വിഴുന്ന വീട്, കരുംകുളം | 25000 | ലഭ്യമല്ല |
| 3 | ശോഭന, താഴെ മഞ്ഞതോപ്പ് | 25000 | ലഭ്യമല്ല |
| 4 | സരസ്വതി. പി, നമ്പന്റെ തോട്ടം | 25000 | ലഭ്യമല്ല |
| 5 | സജുകുമാർ, ഉഷ ഭവൻ, പുലിനിന്ന | 25000 | ലഭ്യമല്ല |
| 6 | ശിവാനന്ദൻ, മുടിപ്പുരത്തട്ട്, പൊറ്റയിൽ വീട് | 25000 | ലഭ്യമല്ല |
| 7 | ശ്രീകുമാരി, കുരിശ്ശടി വീട്, കരുംകുളം | 25000 | ലഭ്യമല്ല |
| | ആകെ | 175000 | |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.30/12.7.16) വാല്യുവേഷൻ ഹാജരാക്കാം എന്നറിയിച്ചിട്ടുണ്ട്.

വാല്യുവേഷന്റെ അഭാവത്തിൽ 7 ഗുണഭോക്താക്കൾക്കു അനുവദിച്ച 1,75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രണ്ടു മാസത്തിനകം വാല്യുവേഷൻ രേഖകൾ ഹാജരാക്കാത്തപക്ഷം നിർവഹണാധികാരിയുടെ ബാധ്യതയാകുന്നതാണ്.

## 3-17 വീട് മെയിന്റനൻസ് വാല്യുവേഷൻ ഇല്ല

പദ്ധതി - വീട് മെയിന്റനൻസ് വനിത (എസ്0029/15) സ്പിൽ ഓവർ

ചെലവ് തുക -75,000/-

ബിൽ ക്രമ നം./തീയതി - 1/28.06.2014-25,000/-

6/16.10.2014-25,000/-

32/20.02.2015-25,000/-

നിർവഹണാധികാരി - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

ഈ സ്പിൽ ഓവർ പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചുവെങ്കിലും ഒരു ഗുണഭോക്താവിന്റെ അപേക്ഷയും രേഖകളും മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. മൂന്ന് ഗുണഭോക്താക്കളുടെയും വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമല്ല. സ്പിൽ ഓവർ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. തുക അനുവദിച്ചതു സംബന്ധിച്ച വിവരം ചുവടെ.

| ക്രമ നം | ഗുണഭോക്താവ് | തുക | ഡി.ഡി. നം./തീയതി |
|---|---|---|---|
| 1 | പൗളി, മരയ്ക്കാന്റെ തോട്ടം, കൊച്ചുതുറ | 25000 | 722070/17.10.2014 |
| 2 | ടെൽമ, വിലാസം ലഭ്യമല്ല | 25000 | 290092/30.06.2014 |
| 3 | മേരി, വിലാസം ലഭ്യമല്ല | 25000 | ലഭ്യമല്ല |

മേൽ അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.30/12.7.16) രേഖകൾ ലഭ്യമാക്കാം എന്നറിയിച്ചിട്ടുണ്ട്. വാല്യുവേഷൻ സർട്ടിഫിക്കറ്റ്, അപേക്ഷകൾ, ഗുണഭോക്തൃലിസ്റ്റ് എന്നിവയുടെ അഭാവത്തിൽ 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രണ്ടു മാസത്തിനകം രേഖകൾ ഹാജരാക്കി

തടസ്സം ഒഴിവാക്കാത്ത പക്ഷം നിർവഹണാധികാരിയുടെ ബാധ്യതയാകുന്നതാണ്.

## 3-18 പ്രവർത്തനമില്ലാത്ത ജാഗ്രതാ സമിതിക്കായി ഫർണിച്ചർ വാങ്ങി

പദ്ധതി - ജാഗ്രതാ സമിതി (എസ്0173/15)

അടങ്കൽ/ചെലവ് - 25,000/-(കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്)

ബിൽ നം. - 8/ഐ.സി.ഡി.എസ്./സൂപ്2014-15തീയതി26.03.2015

നിർവഹണാധികാരി - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന സാധനങ്ങൾ വാങ്ങി.

| ഫർണിച്ചർ | എണ്ണം | വില |
|---|---|---|
| സ്റ്റീൽ അലമാര | 1 | 11000 |
| വിസിറ്റേഴ്സ് ചെയർ | 1 | 3900 |
| സ്റ്റീൽ മേശ (3 drawer) | 1 | 4048 |
| പ്ലാസ്റ്റിക് ആം ചെയർ | 3 | 1770 |
| ആകെ (വാറ്റ്, ഡെലിവറി ചാർജ്ജസ് ഉൾപ്പെടെ) | | 25,000 |

ഇതിനായി ഡിഡി നമ്പർ 26783/16.04.15 പ്രകാരം 25,000/- രൂപ നിർവ്വഹണാധികാരി സിഡ്കോക്ക് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ജാഗ്രതാസമിതിയോഗങ്ങൾ കൂടുന്നില്ല. പരാതികൾ സ്വീകരിക്കുന്നതിനായി പരാതിപ്പെട്ടിയും സ്ഥാപിച്ചിട്ടില്ല. നേരിട്ട് പരാതികൾ കൈമാറിയത് സംബന്ധിച്ച വിവരവും ലഭ്യമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 18/08.7.16) പഞ്ചായത്തോഫീസിൽ ജാഗ്രതാ സമിതിക്ക് മുറി സൗകര്യമില്ലാത്തതിനാൽ വാങ്ങിയ ഫർണിച്ചറുകൾ 24 -ാം നമ്പർ അംഗൻവാടിയിൽ സൂക്ഷിച്ചിട്ടുള്ളതായും ജാഗ്രതാ സമിതി മിനിറ്റ്സ്, പരാതി രജിസ്റ്റർ എല്ലാം ഉണ്ട് എന്നും മറുപടി നൽകി. എന്നാൽ ഇവയൊന്നും ഹാജരാക്കിയിട്ടില്ല.

പ്രവർത്തനമൊന്നും ഇല്ലാതിരുന്നിട്ടും ഫർണിച്ചർ വാങ്ങിയതിന് തുക ചെലവ് ചെയ്യുക എന്ന ലക്ഷ്യം മാത്രം ഉണ്ടായിരുന്നതായി വിലയിരുത്തുന്നു. ഫർണിച്ചർ ഇടുന്നതിനുള്ള സ്ഥലം ഉറപ്പാക്കാതെയും നാളിതുവരെ ഉപയോഗപ്പെടുത്താതെയും ഫർണിച്ചർ സൂക്ഷിച്ചിരിക്കുന്നതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വാങ്ങിയ സാധനങ്ങൾ ഉപയോഗപ്രദമാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 3-19 അംഗൻവാടി പോഷകാഹാരം - സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല

പദ്ധതി - അംഗൻവാടി പോഷകാഹാരം (എസ് 0068/15)

ചെലവ് തുക – 20,00,000/- (വികസന ഫണ്ട്)

- 4,29,506/- (കേന്ദ്രാവിഷ്കൃത ഫണ്ട്)

ബിൽ നം. -1/ഐ.സി.ഡി.എസ്./2014-15തീയതി 29.09.14-793492

2/ഐ.സി.ഡി.എസ്./2014-15തീയതി26.12.14-718306
7/ഐ.സി.ഡി.എസ്./2014-15തീയതി26.03.2015-288202

9/ഐ.സി.ഡി.എസ്./2014-15തീയതി26.03.2015-200000

ട്രഷറി ചെക്ക് നം.1661316/25.3.15 -263339

6430/26.9.14 -74278

ലഭ്യമല്ല/16.2.15 -91889

നിർവഹണാധികാരി - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പദ്ധതി പ്രകാരം മാവേലി സ്റ്റോറിൽ നിന്നും 27.06.2014 തീയതിയിലെ ബിൽ പ്രകാരം 5,93,600/- രൂപയുടെ സാധനം വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ബിൽ പ്രകാരമുള്ള സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കുമായി പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.18/08.07.2016) നിർവഹണോദ്യോഗസ്ഥ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചുവെങ്കിലും ഇതനുസരിച്ചും സ്റ്റോക്ക് കുറവായി വിലയിരുത്തുന്നു. വിശദവിവരം ചുവടെ.

| ക്രമ നം | സാധനം | ബിൽ പ്രകാരം (kg) | സ്റ്റോക്ക് പ്രകാരം | വ്യത്യാസം | നിരക്ക് | തുക |
|---|---|---|---|---|---|---|
| 1 | വെളിച്ചെണ്ണ | 610 | 585 | 25 | 162.80 | 4070 |
| 2 | നുറുക്ക് ഗോതമ്പ് | 2750 | 2725 | 25 | 46.15 | 1153.75 |
| 3 | അവൽ | 920 | 465 | 455 | 40.50 | 18427.5 |
| | ആകെ | | | | | 23,651 |

കുറവു വന്ന സാധനങ്ങളുടെ വിലയായ 23,651/- രൂപ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 110000 | പാലിയേറ്റീവ് കെയർ | 110000 | NIL |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | അംഗൻവാടി വയറിംഗ് | 026812 16.04.2015 | 140000 | 140000 | ഇല്ല |
| കെ.എസ്.ഇ.ബി | പോസ്റ്റ് സ്ഥാപിക്കൽ | ലഭ്യമല്ല | 187733 | 187733 | ഇല്ല |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ | 026813 16.04.2015 | 121570 | 121570 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഇല്ല. | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | സ.ഉ(സാധാ)നം 207/2010 /ത.സ്വ.ഭ.വ,തിയതി. 20/01/2010 | 14250000 | 8550000 | 2835251 | 568438 | 5714749 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല. |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2007-08 | 3-4 | 5725 | ശ്രീ.സുകുമാരൻ നായർ | 11404100821 02.06.2014 |
| 2010-11 | 2-1 (ബി) | 5000 | മാനേജർ HRS ഫ്യൂവൽസ് | 11404102364 30.09.2014 |
| **ആകെ** | | **10725** | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2.4 | 2012-13 | -- | ഫ്രണ്ട് ഓഫീസ് | ഉത്തരവ് പ്രകാരം പ്രവർത്തിക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 111871874.70 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92619516 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 98310 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3599083 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 1132 | ശ്രീ.ബെൻസിലാൽ, അസിസ്റ്റന്റ്എഞ്ചിനീയർ |
| 3.2 | | 5227 | ശ്രീ.ബെൻസിലാൽ, അസിസ്റ്റന്റ്എഞ്ചിനീയർ |
| 3.3 | | 43300 | ഡോ,സദാശിവൻ,മെഡിക്കൽ ഓഫീസർ |
| 3.16 (എ) | | 25000 | ശ്രീ.അഭിലാഷ്.എം.എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3.19 | | 23651 | സിന്ധു , ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 98310 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.6 | 1054383 | ശ്രീമതി കെ.ജി രാധാമണിതങ്കം, സെക്രട്ടറി |
| 3.7 | 600000 | ശ്രീമതി ഗിരിജകുമാരി എച്ച്.എം |
| 3.12 | 394700 | ശ്രീമതി കെ.ജി രാധാമണിതങ്കം സെക്രട്ടറി |
| 3.14 | 150000 | ശ്രീ.അഭിലാഷ് എം.എ വി.ഇ.ഒ |
| 3.15 | 1125000 | ശ്രീ.അഭിലാഷ് എം.എവി.ഇ.ഒ |

| | | |
|---|---|---|
| 3.16 (ബി) | 175000 | ശ്രീ.അഭിലാഷ് എം.എവി.ഇ.ഒ |
| 3.17 | 75000 | ശ്രീ.അഭിലാഷ് എം.എ വി.ഇ.ഒ |
| 3.18 | 25000 | ശ്രീമതി സിന്ധു , ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| **ആകെ** | **3599083** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബെൻസിലാൽ, അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കോന്നി ഗ്രാമപഞ്ചായത്ത് പത്തനംതിട്ട | എസ്.ഡി ഭവൻ, മുള്ളുവിള, മുള്ളുവിള പി.ഒ പിൻ -695133 |
| ഡോ.സദാശിവൻ<br>മെഡിക്കൽ ഓഫീസർ | സി.എച്ച്.സി കരുംകുളം | ചാവടിനട, വെങ്ങാനൂർ പി.ഒ, പിൻ – 695523 |
| ശ്രീമതി.സിന്ധു, ഐ.സി.ഡി.എസ് സൂപ്പർവൈസർ | കരുംകുളം പഞ്ചായത്ത് | അച്ചുതം മൈലച്ചൽ, ഒറ്റശേഖരമംഗലം ഒറ്റശേഖരമംഗലം പി.ഒ, പിൻ – 695125 |
| ശ്രീ.അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | തിരുവോണം, തേമ്പാമുട്ടം, ബാലരാമപുരം പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.ജി.പി.3/292 /2008തീയതി/ 30.07.2014 | 4 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.ജി.പി.3/934/2001 തീയതി/ 31.07.2014 | 4 | |
| 1999-00 | എൽ.എഫ്.റ്റി.ഡി.ജി.പി.3/934/2001 തീയതി/ 30.07.2014 | 12 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.552(1)/2003 തീയതി / 30.09.14 | 8 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.3.552/11 | 13 | |

| | | | |
|---|---|---|---|
| | /2004തീയതി/ 30.07.14 | | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.ന.289/08 തീയതി/ 30.07.14 | 3 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.3/288/08 തീയതി/ 30.07.14 | 3 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി3/145/05,തീയതി /30.07.14 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.3/146/09 തീയതി/30.07.14 | 9 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.3/441/10, തീയതി/30.07.14 | 5 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി..3/442 /10,തീയതി/ 30.07.14 | 7 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2244 /11,തീയതി/ 30.07.14 | 8 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2245 /11,തീയതി/ 30.04.14 | 9 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.3./618 /13,തീയതി/ 02.08.13 | 20 | |
| 2011-12 | | | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.3/208 /15,തീയതി/ 09.03.15 | 13 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.3/885 /15,തീയതി/ 15.09.15 | 28 | |

**ഡെപ്യൂട്ടി ഡയറക്ടർ**

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-1**

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2014–15** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2014–15**-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**

**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**അനുബന്ധം -2**

| ഡി.ഡി.നം. | തുക | ഗുണഭോക്താവ് | ക്രമ നം |
|---|---|---|---|
| ലഭ്യമല്ല | 25000 | റോസ് മേരി ജോസഫ്, പള്ളികെട്ടിയ പുരയിടം | 1 |
| ലഭ്യമല്ല | 25000 | സബീന തോബിയാസ്, പള്ളികെട്ടിയ പുരയിടം | 2 |
| ലഭ്യമല്ല | 25000 | പത്രോസ്, ചെമ്പകരാമൻ തുറ പുരയിടം | 3 |
| 26250 | 25000 | അമലോത്ഭവം, ആർ.ടി. ഹൗസ്, പുതിയതുറ | 4 |
| ഓൺലൈൻ | 25000 | കൃഷ്ണൻ കുട്ടി. എൽ.സി. വിലാസം ബംഗ്ലാവ് | 5 |
| ഓൺലൈൻ | 25000 | ഇന്ദിര, മുളകു നാട്, പാമ്പുകാല | 6 |
| ലഭ്യമല്ല | 25000 | എമിൽ മേരി, നെടിയവിളാകം പുരയിടം | 7 |
| ഓൺലൈൻ | 25000 | ഫ്ലോസി, വലിയതോപ്പ്,തെക്കേകര | 8 |
| ഓൺലൈൻ | 25000 | സെൽഫി വിൻസെന്റ് , വലിയതോപ്പ്, തെക്കേകര സെൽവി വിൻസെന്റ് | 9 |
| ഓൺലൈൻ | 25000 | സബി ആന്റണി, വലിയതോപ്പ്, കൊച്ചുതുറ | 10 |
| ഓൺലൈൻ | 25000 | ലിസി ജോൺസൺ, മരയ്ക്കാന്റെ തോട്ടം | 11 |
| ലഭ്യമല്ല | 25000 | ലിസി, തേരിവിള വീട്, കരുംകുളം | 12 |
| ലഭ്യമല്ല | 25000 | ഗോപിനാഥൻ, വൈശാഖ്, കിളിത്തട്ട് | 13 |
| ലഭ്യമല്ല | 25000 | ബിന്ദു, തേരിവിള പുത്തൻ വീട് | 14 |
| ഓൺലൈൻ | 25000 | ജനി ബിന്ദു, കിണറ്റടിവിളാകം പുരയിടം | 15 |
| ഓൺലൈൻ | 25000 | ബല്ലർവി, കടവിളാകം പുരയിടം | 16 |
| 25695 | 25000 | വിജയമ്മ, ഇരയിമ്മൻതുറ പുരയിടം | 17 |
| ഓൺലൈൻ | 25000 | റീത്ത, ഇരയിമ്മൻതുറ പുരയിടം | 18 |
| ലഭ്യമല്ല | 25000 | ബനീത്ത പീറ്റർ, അഞ്ജലി, കറുത്താൻ വിള | 19 |
| ഓൺലൈൻ | 25000 | രാജൻ, മുതുപുരയിടം, | 20 |
| 26028 | 25000 | പത്മിനി, അയകന്റെ വിളാകം | 21 |
| ലഭ്യമല്ല | 25000 | ഷീലമ്മ, വിജയ്ഭവൻ, വാറുവിളാകം | 22 |
| ലഭ്യമല്ല | 25000 | ശിലുവമ്മ, ഉരിയരി കുന്ന് പുരയിടം | 23 |
| 26249 | 25000 | ഫിലോമിന, താഴെ വീട്ടുവിളാകം | 24 |
| ലഭ്യമല്ല | 25000 | പി. വിൻസെന്റ്, ഉരിയരി കുന്ന്, പള്ളം | 25 |
| ലഭ്യമല്ല | 25000 | ഡെയ്സി വർഗ്ഗീസ്, കുളപ്പുര ഹൗസ്, | 26 |
| ലഭ്യമല്ല | 25000 | ജനറ്റ്, ചെക്കിട്ട വിളാകം | 27 |
| ലഭ്യമല്ല | 25000 | സിറഫി ജോസഫ്, താഴെ വീട്ടുവിളാകം | 28 |
| ലഭ്യമല്ല | 25000 | ജോസ്, ആഴാങ്കൽ പുരയിടം | 29 |
| ലഭ്യമല്ല | 25000 | എ. മരിയഗ്ലോറി, നെടിയവിളാകം | 30 |
| ലഭ്യമല്ല | 25000 | വിമല, പൊടുവൽ കോളനി | 31 |
| ഓൺലൈൻ | 25000 | റീത്തമ്മ ഫ്രാൻസിസ്, ഇരയിമ്മൻതുറ | 32 |
| ലഭ്യമല്ല | 25000 | വനജ, പരുത്തുപ്പാറ വീട്, കരുംകുളം | 33 |
| ലഭ്യമല്ല | 25000 | ബിന്ദു. സി., പാലോട്ടുവിള | 34 |
| ഓൺലൈൻ | 25000 | ശ്രീകുമാരി, മാധവ വിലാസം | 35 |

| | | | |
|---|---|---|---|
| ഓൺലൈൻ | 25000 | സലു. എസ്, വട്ടക്കാല വീട് | 36 |
| ലഭ്യമല്ല | 25000 | മുരളീധരൻ കെ., മഞ്ഞതോപ്പ് | 37 |
| ലഭ്യമല്ല | 25000 | ബൈജുകുമാർ, കാവിൽതട്ട് വീട് | 38 |
| ലഭ്യമല്ല | 25000 | ശെയോൻ, വടക്കേ തോട്ടം പുരയിടം | 39 |
| ലഭ്യമല്ല | 25000 | നന്ദിനി, കാവിൽ വീട്, കല്ലുവിള | 40 |
| ഓൺലൈൻ | 25000 | രവീന്ദ്രൻ, കല്ലുവിള വീട് | 41 |
| | 1125000 | ആകെ | |

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്